"ഭരണഭാഷ-മാതൃഭാഷ"

No. DWCD/1678/2023-E9

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര, തിരുവനന്തപുരം
തീയതി : 21-01-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## സർക്കുലർ

വിഷയം: വനിതാ ശിശുവികസന വകുപ്പ്- ജീവനക്കാര്യം - **Comprehensive Job chart for Cutting Edge Level Personnel of Women & Child Development Department - കൈപ്പുസ്തകം** - ജില്ലാതലത്തിൽ സ്വീകരിക്കേണ്ട നടപടി -സംബന്ധിച്ച്:-

സൂചന:

വനിതാ ശിശുവികസന വകുപ്പിൽ വിവിധ വിഭാഗങ്ങളിലായി ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരിൽ നിന്നും സേവന പരിചയത്തിന്റെയും പ്രവർത്തന മികവിന്റെയും (PAST EXPERIENCE AND SERVICE APPRISAL) അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ജീവനക്കാരെയും വകുപ്പിൽ നിന്നും വിരമിച്ച പ്രഗത്ഭരായവരെയും ഉൾപ്പെടുത്തികൊണ്ട് ഐ.എം.ജി മുഖേന വനിതാ ശിശുവികസന വകുപ്പിലെ ഉദ്യോഗസ്ഥർക്കായി സമഗ്രമായ ജോബ് ചാർട്ട് എന്ന കൈപ്പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വനിതാ ശിശുവികസന വകുപ്പിലെ 58 കാറ്റഗറികളിലായി ഉൾപ്പെട്ടിട്ടുള്ള വിവിധ തസ്തികകളുടെ job title, job summary, reporting and supervisory relationship, job specification, job description, capacity building themes, competencies & key contacts എന്നിവ ഉൾപ്പെടുത്തികൊണ്ടാണ് ഐ എം ജി മുഖേന കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. **Comprehensive Job chart for Cutting Edge Level Personnel of Women & Child Development Department** എന്ന **കൈപ്പുസ്തകം** വകുപ്പിന് വളരെ ഗുണകരമായ ഒരു രേഖയായിരിക്കും. വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർക്ക് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു ഓൺലൈൻ മീറ്റിംങ് സംഘടിപ്പിക്കുകയും ടി കൈപ്പുസ്തകത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളക്കുറിച്ച് വിശദീകരിക്കുകയും മറ്റ് ജീവനക്കാർക്ക് പ്രസ്തുത അറിവ് പകർന്ന് നൽകുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ വെബ് സൈറ്റിൽ ടി പുസ്തകത്തിന്റെ സോഫ്റ്റ് കോപ്പി (ഇംഗ്ലീഷ്, മലയാളം) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ടി കൈപുസ്തകത്തിൽ നിർവ്വചിട്ടുള്ള രീതിയിൽ ഓരോ തസ്തികയിലെയും പ്രവർത്തനങ്ങൾ/കടമകൾ നടപ്പിലാക്കാൻ വകുപ്പിന് കഴിഞ്ഞാൽ വകുപ്പിന്റെ സേവനങ്ങൾ

കുറ്റമറ്റ രീതിയിൽ പൊതു ജനങ്ങൾക്ക നൽകുവാൻ സാധിക്കും. എന്നാൽ അവരവർ നിർവ്വഹിക്കേണ്ട ചുമതലകളെക്കുറിച്ച് വകുപ്പിലെ വിവിധ വിഭാഗം ജീവനക്കാർ ബോധവാൻമാർ ആകേണ്ടതുണ്ട്. ആയതിനാൽ ജില്ലകളിൽ വകുപ്പിന്റെ പരിധിയിൽ പ്രവർത്തിച്ച് വരുന്ന ജീവനക്കാർ നിർവ്വഹിക്കേണ്ട കടമകൾ/ഉത്തരവാദിത്തങ്ങൾ സംബന്ധിച്ച അവബോധം ഉണ്ടാക്കുന്നതിനായി ജില്ലാതലത്തിൽ ട്രെയിനിംങ് പ്രോഗ്രാമുകൾ/അവയർനസ് ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കേണ്ടതും കൈപുസ്തകത്തിൽ നിർവ്വചിച്ചിട്ടുള്ള തരത്തിൽ ജില്ലാ പരിധിയിലെ കാര്യാലയങ്ങളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ എല്ലാ ജില്ലാഓഫീസർമാരും സ്വീകരിക്കേണ്ടതും ടി വിഷയവുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം, ഏതെല്ലാം തലത്തിൽ ട്രയ്നിംഗ് ആവശ്യമാണെന്നും, കൈപുസ്തകത്തിൽ ഉൾപ്പെടുത്താത്ത എന്തെങ്കിലും ചുമതലകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അക്കാര്യമുൾപ്പെടെയുള്ള വിവരങ്ങൾ ടി സർക്കുലർ തീയതി മുതൽ 30 ദിവസത്തിനകം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

Signed by
Haritha V Kumar
Date: 22-01-2025 16:45:42

HARITHA V KUMAR
**വനിതാ ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും